**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4968** | **14-03-2023 - ൽ മറുപടിയ്ക്ക്**

**പീച്ചി വാഴാനി ടൂറിസം കോറിഡോർ റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പീച്ചി വാഴാനി ടൂറിസം കോറിഡോർ റോഡ് എന്ന പ്രവൃത്തിയുടെ ഒന്നാം ഘട്ടമായ പോങ്ങനങ്ങാട് മുതൽ കരുമത്ര വരെയുള്ള റോഡിന്റെ നിർമ്മാണത്തിന് സാങ്കേതിക അനുമതി നൽകി പൂർത്തീകരിക്കാനുള്ള കിഫ്ബിയുടെ നടപടിക്രമങ്ങൾ വ്യക്തമാക്കാമോ; | (എ) | പീച്ചി വാഴാനി ടൂറിസം കോറിഡോർ എന്ന പ്രവൃത്തിയ്ക്ക് 20 കോടിയുടെ തത്വത്തിൽ ഭരണാനുമതിയും 62 കോടിയുടെ സാമ്പത്തികാനുമതിയും ലഭ്യമായതിനെ തുടർന്ന് പ്രവൃത്തി ടെൻഡർ ചെയ്യുകയും 05/08/2019-ൽ നിർമ്മാണ കരാർ ഒപ്പുവെയ്ക്കുകയും ചെയ്തു. എന്നാൽ സ്ഥല ലഭ്യത കുറവ് പ്രകാരം പ്രവൃത്തി ആരംഭിക്കുവാൻ കരാറുകാരന് കഴിഞ്ഞില്ല. ഇക്കാരണത്താൽ കരാറുകാരനെ നഷ്ടോത്തരവാദിത്വമില്ലാതെ ഒഴിവാക്കി. ഈ പ്രവൃത്തിയുടെ പോങ്ങനാട് മുതൽ കരുമത്ര വരെയുള്ള ഭാഗത്തിന് പദ്ധതി അനുശാസിക്കുന്ന 10 മീറ്റർ വീതി നിലവിൽ ലഭ്യമായതിനാൽ ആ ഭാഗം ഒന്നാംഘട്ടമായി നിർമ്മിക്കുന്നതിന് കിഫ്ബി അനുമതി നൽകി. ഈ പ്രവൃത്തിയ്ക്ക് 13/07/2022 ന് 58.80 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ച് 16/07/2022-ന് പ്രവൃത്തി ടെൻഡർ ചെയ്യുകയും, 21/10/2022-ന് M/s ASSMAS Construction Pvt. Ltd എന്ന കമ്പനിക്ക് 51.128 കോടിയ്ക്ക് കരാർ അനുവദിയ്ക്കുകയും ചെയ്തു. തുടർന്ന്പദ്ധതിയുടെ പുതിയ പാക്കേജ് അംഗീകരിക്കുന്നതിനായി 20.01.2023 ൽ കിഫ്ബിയിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തു . കിഫ്ബി പുതിയ പാക്കേജ് അംഗീകരിക്കേണ്ടതിനാൽ എഗ്രിമെന്റ് വയ്ക്കാൻ കരാറുകാരന് കഴിഞ്ഞിട്ടില്ല. |
| (ബി) | 16.07.2022-ൽ ടെൻഡർ ചെയ്തിട്ടും പ്രസ്തുത പ്രവൃത്തി നാളിതുവരെ ആരംഭിക്കാൻ കഴിയാതിരുന്ന സാഹചര്യം വ്യക്തമാക്കാമോ; | (ബി) | പീച്ചി വാഴാനി ടൂറിസം കോറിഡോർ എന്ന പ്രവൃത്തിയ്ക്ക് 20 കോടിയുടെ തത്വത്തിൽ ഭരണാനുമതിയും 62 കോടിയുടെ സാമ്പത്തികാനുമതിയും ലഭ്യമായതിനെ തുടർന്ന് പ്രവൃത്തി ടെൻഡർ ചെയ്യുകയും 05/08/2019-ൽ നിർമ്മാണ കരാർ ഒപ്പുവെയ്ക്കുകയും ചെയ്തു. എന്നാൽ സ്ഥല ലഭ്യത കുറവ് പ്രകാരം പ്രവൃത്തി |

| | | | |
|---|---|---|---|
| | | | ആരംഭിക്കുവാൻ കരാറുകാരന് കഴിഞ്ഞില്ല. ഇക്കാരണത്താൽ കരാറുകാരനെ നഷ്ടോത്തരവാദിത്വമില്ലാതെ ഒഴിവാക്കി. ഈ പ്രവൃത്തിയുടെ പോങ്ങനാട് മുതൽ കരുമത്ര വരെയുള്ള ഭാഗത്തിന് പദ്ധതി അനുശാസിക്കുന്ന 10 മീറ്റർ വീതി നിലവിൽ ലഭ്യമായതിനാൽ ആ ഭാഗം ഒന്നാംഘട്ടമായി നിർമ്മിക്കുന്നതിന് കിഫ്ബി അനുമതി നൽകി. ഈ പ്രവൃത്തിയ്ക്ക് 13/07/2022 ന് 58.80 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ച് 16/07/2022-ന് പ്രവൃത്തി ടെൻഡർ ചെയ്യുകയും, 21/10/2022-ന് M/s ASSMAS Construction Pvt. Ltd എന്ന കമ്പനിക്ക് 51.128 കോടിയ്ക്ക് കരാർ അനുവദിയ്ക്കുകയും ചെയ്തു. തുടർന്ന്പദ്ധതിയുടെ പുതിയ പാക്കേജ് അംഗീകരിക്കുന്നതിനായി 20.01.2023 ൽ കിഫ്ബിയിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തു . കിഫ്ബി പുതിയ പാക്കേജ് അംഗീകരിക്കേണ്ടതിനാൽ എഗ്രിമെന്റ് വയ്ക്കാൻ കരാറുകാരന് കഴിഞ്ഞിട്ടില്ല. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ റവന്യൂ അളവുകൾ അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | പ്രസ്തുത പ്രവൃത്തിയുടെ റവന്യൂ അളവുകൾ തിട്ടപ്പെടുത്തിയിട്ടുണ്ട്. തർക്കമുള്ള സ്ഥലങ്ങളിൽ ഇത് പരിഹരിക്കുന്നതിനായി ബഹു. റവന്യൂ മന്ത്രിയുടെയും ബഹുമാനപ്പെട്ട വടക്കാഞ്ചേരി എം.എൽ.എ.യുടേയും സാന്നിധ്യത്തിൽ യോഗം ചേരുകയും തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പ്രവൃത്തിയ്ക്കായി വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമി അളന്ന് തിട്ടപ്പെടുത്തേണ്ടതുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ഡി) | പ്രസ്തുത റോഡ് വന അതിർത്തിയിലൂടെയാണ് കടന്നു പോകുന്നത്. ഈ പ്രേദേശങ്ങളിൽ നിർമ്മാണത്തിന് ആവശ്യമുള്ള വീതി ലഭ്യമാണ്. തന്മൂലം വനഭൂമി ഇപ്പോൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ഇ) | പ്രസ്തുത പ്രവൃത്തിയിൽ റോഡിന്റെ ഇരുവശങ്ങളിലുമുള്ള യൂട്ടിലിറ്റികൾ മാറ്റിസ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ; | (ഇ) | നിലവിൽ കെ.എസ്.ഇ.ബി യുടെയും കേരള വാട്ടർ അതോറിറ്റിയുടേയും യൂട്ടിലിറ്റികൾ മാറ്റുന്നതിനായി 75,00,000/- രൂപയുടെ വീതം സാമ്പത്തികാനുമതി യാണുള്ളത്. തുടർന്ന് സൈറ്റിലെ ആവശ്യമനുസരിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കി കെ.എസ് .ഇ.ബി യുടെയും വാട്ടർ അതോറിറ്റിയുടെയും യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതിനായി 19/01/2020-.ൽ യഥാക്രമം 1,86,62,291/- രൂപയുടേയും1,96,70,000/- രൂപയുടേയും പുതുക്കിയ എസ്റ്റിമേറ്റുകൾ കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പുതുക്കിയ അനുമതി ഇതുവരെ ലഭ്യമായിട്ടില്ല. |
| (എഫ്) | പീച്ചി വാഴാനി ടൂറിസം കോറിഡോർ റോഡിന്റെ | (എഫ്) | കരാറുകാരന് 31/01/2023-ന് വർക്ക് ഓർഡർ |

| | | | |
|---|---|---|---|
| | പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | | നൽകിയെങ്കിലും കിഫ്ബി പുതിയ പാക്കേജ് അംഗീകരി ക്കേണ്ടതിനാൽ എഗ്രിമെന്റ് വയ്ക്കാൻ കരാറുകാരന് കഴിഞ്ഞിട്ടില്ല. ആയത് ലഭ്യമായാലുടൻ എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ